# Athmaraksha.org

പാപ്പ ലോകത്തിനു നൽകുന്ന സന്ദേശം

## അനുകമ്പയുടെ വിപ്ലവം ആവശ്യം: മാർപാപ്പ



സാന്റിയാഗോ: കത്തോലിക്കാപൈതൃകം വീണ്ടെടുക്കാനും മറ്റുള്ളവരോട് സഹാനുഭൂതിയോടെ പെരുമാറാനും ഫ്രാൻസിസ് മാർപാപ്പ ക്യൂബൻജനതയെ ആഹ്വാനം ചെയ്തു. അനുകമ്പയുടെയും അനുരഞ്ജനത്തിന്റെയും വിപ്ലവമാണ് ഇന്ന് ആവശ്യമായിട്ടുള്ളത്.

ത്രിദിന ക്യൂബൻപര്യടനത്തിന്റെ സമാപനത്തിൽ സാന്റിയാഗോയിലെ മാതാവിന്റെ ബസിലിക്കയിൽ ദിവ്യബലി അർപ്പിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. ക്യൂബക്കാർക്ക് മാതാവിനോടുള്ള ഭക്തി പ്രശംസാർഹമാണെന്നു മാർപാപ്പ പറഞ്ഞു. മാതാവിന്റെ മാതൃക അനുസരിച്ച് മറ്റുള്ളവരുടെ സേവനത്തിനായി മുന്നിട്ടിറങ്ങാൻ വിശ്വാസികൾ തയ്യാറാവണമെന്ന് അദ്ദേഹം പറഞ്ഞു. പ്രസിഡന്റ് റൗൾ കാസ്ട്രോയും ദിവ്യബലിയിൽ പങ്കെടുക്കാനെത്തിയിരുന്നു. ക്യൂബൻ സന്ദർശനത്തിനുശേഷം ഫ്രാൻസിസ് മാർപാപ്പ അമേരിക്കയിലേക്കു തിരിച്ചു. വാഷിംഗ്ടൺ, ന്യൂയോർക്ക്, ഫിലാഡൽഫിയ എന്നിവിടങ്ങളിലായാണ് മാർപാപ്പയുടെ പരിപാടികൾ ക്രമീകരിച്ചിരുന്നത്. യു.എസ്. കോൺഗ്രസിലും യു.എന്നിലും അദ്ദേഹം പ്രഭാഷണം നടത്തി.